**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4244 — 24.10.2016 ൽ മറുപടിക്ക്

## പി.എച്ച്.സി.കൾ വഴി മരുന്നുകൾ സൗജന്യമായി വിതരണം ചെയ്യുന്നതിനുള്ള നടപടി

| ചോദ്യം<br>ശ്രീ.എൽദോ എബ്രഹാം | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ പി.എച്ച്.സി.കളിൽ നിന്നും പാവപ്പെട്ട രോഗികൾക്ക് സൗജന്യമായി ലഭ്യമാക്കിയിരുന്ന ഇൻസുലിൻ പോലെയുള്ള അത്യാവശ്യ മരുന്നുകളുടെ വിതരണം ഇപ്പോൾ നടക്കുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ)<br>&<br>(ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല, ജീവിതശൈലി രോഗ നിയന്ത്രണ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന അമൃതം ആരോഗ്യ പദ്ധതിയിലൂടെ വിദഗ്ധ സമിതി അംഗീകരിച്ച 12 ഇനം മരുന്നുകളാണ് സൗജന്യമായി വിതരണം ചെയ്തുവരുന്നത്. പദ്ധതിയുടെ ആദ്യ വർഷങ്ങളിൽ ഇത് നേരിട്ട് നടത്തപ്പെട്ടിട്ടുള്ളതും തുടർന്ന് ആരോഗ്യ കേന്ദ്രങ്ങളുടെ വാർഷിക ഇന്റെന്റും ഉൾപ്പെടുത്തിയാണ് വിതരണം ചെയ്തുവരുന്നത്. എങ്കിലും ഇൻസുലിൻപോലെയുള്ള അവശ്യ മരുന്നുകളുടെ ദൗർലഭ്യം കണക്കിലെടുത്ത് എല്ലാ സാമ്പത്തിക വർഷവും എൻ.സി.ഡി. കൺട്രോൾ പ്രോഗ്രാമിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി പ്രത്യേകം സംഭരിച്ച് വിതരണം ചെയ്തു വരുന്നു. |
| (ബി) | എങ്കിൽ ഏതൊക്കെ മരുന്നുകളുടെ വിതരണമാണ് നിറുത്തലാക്കിയതെന്നും അതിനുള്ള കാരണം എന്താണെന്നും അറിയിക്കാമോ; | | |
| (സി) | നിർദ്ധനരായ ധാരാളം രോഗികൾക്ക് ഏറെ സഹായകരമായിരുന്ന ഇൻസുലിൻ പോലുള്ള മരുന്നുകൾ സൗജന്യമായി പി.എച്ച്.സി.കൾ വഴി വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (സി) | ആരോഗ്യ കേന്ദ്രങ്ങൾ ആശുപത്രികൾ എന്നിവിടങ്ങളിൽ നിന്നും തയ്യാറാക്കുന്ന ഇന്റെന്റ് പ്രകാരമുള്ള മരുന്നുകൾക്ക് പുറമേ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി എല്ലാ സാമ്പത്തിക വർഷവും ഇൻസുലിൻ ഉൾപ്പടെയുള്ള മരുന്നുകൾ കെ.എം.എസ്.സി.എൽ വഴി സമാഹരിച്ച് വിതരണം ചെയ്തു വരുന്നു. ഇത് തുടർന്ന് വരുന്ന ഒരു പ്രക്രിയ ആയതിനാൽ പുതിയ നിർദ്ദേശങ്ങളുടെ ആവശ്യകത ഇപ്പോൾ നിലവിലില്ല. |

സെക്ഷൻ ഓഫീസർ